"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് – പതിമൂന്നാം പഞ്ചവൽസര പദ്ധതി (2017-22)- നവകേരളത്തിന് ജനകീയാസൂത്രണം - തദ്ദേശഭരണ സ്ഥാപനങ്ങൾ 2021-22 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള അധിക മാർഗനിർദ്ദേശങ്ങളും സമയക്രമവും നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(കൈ) നം.4/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 11/01/2021

---

പരാമർശം:- 1 29.01.2018-ലെ സ.ഉ.(എം.എസ്) നം.11/2018/തസ്വഭവ

2 02.02.2018-ലെ സ.ഉ.(എം.എസ്) നം.17/2018/തസ്വഭവ

3 14.02.2018-ലെ സ.ഉ.(എം.എസ്) നം.22/2018/തസ്വഭവ

**<u>ഉത്തരവ്</u>**

സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പദ്ധതി നിർവഹണം ആരംഭിക്കാൻ കഴിയുംവിധം തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി കാലേക്കൂട്ടി തയ്യാറാക്കുന്ന സമ്പ്രദായം പ്രാവർത്തികമാക്കാൻ കഴിഞ്ഞു എന്നത് പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ പ്രധാന നേട്ടങ്ങളിൽ ഒന്നായാണ് വിലയിരുത്തപ്പെടുന്നത്. വരാൻ പോകുന്ന വർഷത്തെ വികസന പദ്ധതികൾ രൂപീകരിക്കുന്ന പ്രക്രിയ ഓരോ വർഷവും ഡിസംബർ ആദ്യവാരം ആരംഭിക്കുകയും മാർച്ച് ആദ്യവാരത്തോടുകൂടി അത് പൂർത്തിയാക്കി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കുകയും ചെയ്യുന്ന നിലയിലേയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാറാൻ കഴിഞ്ഞു. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതു തെരഞ്ഞെടുപ്പ് 2020 ഡിസംബറിൽ നടന്നതു കാരണം 2021-22 വർഷത്തേയ്ക്കുള്ള പദ്ധതി തയ്യാറാക്കുന്ന പ്രക്രിയ ഈ ഡിസംബറിൽ ആരംഭിക്കാൻ കഴിഞ്ഞില്ല.

2. 2021 മാർച്ച് മാസത്തിന്റെ തുടക്കത്തിൽ നിയമസഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കാൻ സാധ്യതയുണ്ട്. തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്ന ദിവസം മുതൽ പെരുമാറ്റച്ചട്ടം നിലവിൽ വരും. അതിന് മുമ്പ് വാർഷിക പദ്ധതിക്ക് അംഗീകാരം നേടാൻ കഴിയാതെ വന്നാൽ നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ടങ്ങൾ അവസാനിച്ചതിനുശേഷം മാത്രമേ പദ്ധതി തയ്യാറാക്കാൻ കഴിയുകയുള്ളൂ. അങ്ങനെയെങ്കിൽ അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിലുള്ള നാലഞ്ചു മാസത്തിൽ വികസന പദ്ധതികൾ ഒന്നും തന്നെ നടപ്പാക്കാൻ കഴിയാതെ വരികയും പദ്ധതി നിർവഹണത്തിന് വളരെ കുറച്ച് സമയം മാത്രം ലഭിക്കുന്ന പഴയ സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ മാറുകയും ചെയ്യും. അത്തരമൊരു സ്ഥിതിവിശേഷം യാതൊരു കാരണവശാലും ഉണ്ടാകാൻ പാടില്ല. മാത്രമല്ല; മുൻകൂട്ടി പദ്ധതി തയ്യാറാക്കി അംഗീകാരം

നേടുകയാണെങ്കിൽ നിയമസഭാ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലുണ്ടെങ്കിൽ തന്നെയും ഏറ്റവും അവശ്യമായ പ്രോജക്ടുകളുടെ നിർവഹണം തടസ്സം കൂടാതെ നടത്താൻ കഴിയും. പെരുമാറ്റച്ചട്ടം അവസാനിക്കുന്ന മുറയ്ക്ക് മറ്റ് പ്രോജക്ടുകളുടെ നിർവഹണം ആരംഭിക്കാനും കഴിയും. ഇത് മുന്നിൽ കണ്ട് 2021 ജനുവരി-ഫെബ്രുവരി മാസങ്ങളിലായി അടുത്ത വർഷത്തെ പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിന് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

3. ഈ സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2021-22 വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് ഈ ഉത്തരവിന്റെ അനുബന്ധത്തിൽ നൽകിയിരിക്കുന്ന മാർഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
12. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ കളക്ടർമാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
16. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
17. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
18. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും
19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
20. ചെയർമാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
21. ഡയറക്ടർ ജനറൽ , കില
22. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
23. എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിത കേരള മിഷൻ
24. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
25. വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്

26 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

27. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by REENAMMA P A
Date: 2021.01.11 14:57:38 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

## അനുബന്ധം

## 2021-22 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള അധിക മാർഗനിർദ്ദേശങ്ങളും സമയക്രമവും

### 1. 2021-22 വാർഷിക പദ്ധതി രൂപീകരണം.

1.1 എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 2021-22 വാർഷിക പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ 2021 ജനുവരി പകുതിയോടെ ആരംഭിക്കേണ്ടതാണ്. പതിമൂന്നാം പഞ്ചവൽസര പദ്ധതിക്കാലത്തേയ്ക്ക് വേണ്ടി പുറപ്പെടുവിച്ച പദ്ധതി രൂപീകരണ മാർഗരേഖയിലോ, സബ്സിഡി മാർഗരേഖയിലോ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നില്ല. അടുത്ത വർഷത്തെ (2021-22) പദ്ധതി തയ്യാറാക്കുന്നതിനുള്ള അടിസ്ഥാന മാർഗരേഖയായി ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ 29.01.2018-ലെ സ.ഉ.(എം.എസ്) നം.11/2018/തസ്വഭവ പ്രകാരമുള്ള മാർഗരേഖയും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും 02.02.2018-ലെ സ.ഉ.(എം.എസ്) നം.17/ 2018/തസ്വഭവ പ്രകാരമുള്ള മാർഗ്ഗരേഖയും സ്വീകരിക്കേണ്ടതാണ്. സബ്സിഡി സംബന്ധമായ മാനദണ്ഡങ്ങൾക്ക് 14.02.2018-ലെ സ.ഉ.(എം.എസ്) നം.22/2018/തസ്വഭവ പ്രകാരമുള്ള മാർഗരേഖ ബാധകമായിരിക്കും. പദ്ധതി രൂപീകരണ മാർഗരേഖയ്ക്കും സബ്സിഡി മാർഗരേഖയ്ക്കും പിന്നീട് നൽകിയിട്ടുള്ള വിശദീകരണങ്ങളും ഭേദഗതികളും കൂട്ടിച്ചേർക്കലുകളും 2021-22 ലും പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്.

1.2 പതിമൂന്നാം പഞ്ചവൽസര പദ്ധതിക്ക് നിശ്ചയിച്ചിട്ടുള്ള പൊതു ലക്ഷ്യങ്ങൾ, പൊതു മുൻഗണനകൾ, വിവിധ വികസന മേഖലകൾക്കുള്ള നിർദ്ദേശങ്ങൾ എന്നിവ കണക്കിലെടുത്തു വേണം വാർഷിക പദ്ധതി തയ്യാറാക്കേണ്ടത്. ഒപ്പം, ജില്ലാ ആസൂത്രണസമിതി നൽകുന്ന ജില്ലാതല മുൻഗണനകൾ കണക്കിലെടുക്കുകയും വേണം. 2021-22 വാർഷിക പദ്ധതിയിലെ മറ്റ് പ്രധാന മുൻഗണനകൾ ചുവടെ ചേർക്കുന്നു.

### 2. സുഭിക്ഷ കേരളം പദ്ധതി

2.1 ഭക്ഷ്യ സാധനങ്ങളുടെ ഉത്പാദനം വലിയ തോതിൽ വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടു കൊണ്ട് 2020 മേയിൽ ആരംഭിച്ച സുഭിക്ഷ കേരളം പദ്ധതിക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ 2020-21 വാർഷിക പദ്ധതിയിൽ വലിയ പ്രാധാന്യമാണ് നൽകിയത്. ഈ പദ്ധതി ആരംഭിച്ചതിനെ തുടർന്ന് കൂടുതൽ ആൾക്കാർ കൃഷി-അനുബന്ധ മേഖലകളിലെ പ്രവർത്തനങ്ങളിലേയ്ക്ക് തിരിയുകയും അതിന്റെ ഫലമായി കാർഷിക-അനുബന്ധ മേഖലകളിൽ വലിയ ഉണർവ് ഉണ്ടാകുകയും ഉത്പാദനം ഗണ്യമായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. 2021-22 വാർഷിക പദ്ധതിയിലും സുഭിക്ഷ കേരളം പദ്ധതി കൂടുതൽ ശക്തമായി നടപ്പിലാക്കണം. പഴം, പച്ചക്കറി, കിഴങ്ങു വർഗ്ഗങ്ങൾ, മത്സ്യം, പാല്, മുട്ട, ഇറച്ചി തുടങ്ങിയ പ്രാഥമിക ഉല്പന്നങ്ങളുടെ വർദ്ധനവിന് വലിയ പരിശ്രമം ഉണ്ടാകണം. ഒപ്പം, ഉല്പാദന പദ്ധതി തയ്യാറാക്കുന്നതിനുള്ള മുന്നൊരുക്കങ്ങളും നടത്തേണ്ടതാണ്.

2.2 സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് വിപുലമായ വിപണന സൗകര്യങ്ങൾ സൃഷ്ടിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സവിശേഷ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകണം. സഹകരണ സംഘങ്ങളുടെ പിന്തുണയും സഹകരണവും ഉറപ്പാക്കണം. 18.05.2020-ലെ സ.ഉ. (കൈ) നം. 14/2020/ആ.സാ.വ.

പ്രകാരം പുറപ്പെടുവിച്ച മാർഗരേഖയിൽ വിവരിച്ചിട്ടുള്ളതുപോലെ സുഭിക്ഷ കേരളം പദ്ധതിക്ക് വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനം ഗ്രാമ പഞ്ചായത്ത്/ നഗരസഭാ തലത്തിൽ ഉറപ്പാക്കണം. 29.05.2020-ലെ സ.ഉ.(സാധാ)നം.1009/2020/തസ്വഭവ ഉത്തരവ് പ്രകാരം സബ്സിഡി മാനദണ്ഡങ്ങളും പരിഷ്കരിച്ചിട്ടുണ്ട്.

2.3 സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായ പ്രോജക്ടുകൾ സുലേഖ സോഫ്റ്റ് വെയറിൽ പ്രത്യേകം രേഖപ്പെടുത്തണം. ഇതിനുള്ള സൗകര്യം സോഫ്റ്റ് വെയറിൽ ഉണ്ടായിരിക്കുന്നതാണ്.

### 3. പന്ത്രണ്ടിന പരിപാടി

3.1. തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടു 06.03.2020 ലെ സ.ഉ. (കൈ) നം.45/2020/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പന്ത്രണ്ടിന പരിപാടിക്ക് അടുത്ത വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകേണ്ടതാണ്. പ്രധാന പരിപാടികൾ ചുവടെ ചേർക്കുന്നു.

#### 3.1.1 തൊഴിലവസര സൃഷ്ടി (ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം - LEAP)

(1) കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായ പ്രകൃതി ദുരന്തങ്ങളും കൊവിഡ് മഹാമാരിയും സംസ്ഥാനത്തിന് ഉണ്ടാക്കിയ ആഘാതം പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് 2021-22 വാർഷിക പദ്ധതിയിൽ ഉയർന്ന പരിഗണന നൽകണം. ഏറ്റവും പ്രധാനം തൊഴിൽ സൃഷ്ടിയാണ്. ഈ ദൗത്യം തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണം. കാർഷിക രംഗത്ത് വലിയ അളവിൽ തൊഴിൽ സൃഷ്ടിക്കാൻ കഴിയും എന്നാണ് സമീപകാല അനുഭവങ്ങൾ തെളിയിക്കുന്നത്. തദേശ ഭരണ സ്ഥാപങ്ങൾ ഇതിൽ വലിയ പങ്കാണ് വഹിച്ചത്. അതുപോലെ വ്യവസായ-സേവന മേഖലകളിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനും കഴിയണം. തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുക മാത്രമല്ല ചെറുതും വലുതുമായ സംരംഭങ്ങൾ തുടങ്ങാൻ വരുന്നവർക്ക് നിയമ വിധേയമായ എല്ലാ സഹായങ്ങളും നൽകുകയും വേണം. തൊഴിൽ ഗ്രൂപ്പുകൾ, സ്വയം സഹായ സംഘങ്ങൾ, സഹകരണ സംഘങ്ങൾ, സ്വകാര്യ സംരംഭകർ തുടങ്ങിയ എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തണം.

(2) ആയിരം പേർക്ക് അഞ്ച് തൊഴിലവസരങ്ങൾ എന്ന കണക്കിൽ തൊഴിൽ സൃഷ്ടിക്കാനുള്ള ഒരു പദ്ധതി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് വിജയിപ്പിക്കുന്നതിന് എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും പ്രത്യേക നടപടികൾ സ്വീകരിക്കണം.

(3) പ്രകൃതി ദുരന്തങ്ങളിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവരുടെ തൊഴിൽ ഉറപ്പാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രോജക്ടുകൾക്ക് പ്രത്യേക പരിഗണന നൽകേണ്ടതാണ്. അതുപോലെ കൊവിഡ് മഹാമാരിയെ തുടർന്ന് തൊഴിൽ നഷ്ടം ഉണ്ടായവർക്ക്, പ്രത്യേകിച്ച് വിദേശങ്ങളിൽ നിന്നും അന്യ സംസ്ഥാനങ്ങളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചു വന്നവർക്ക്, തൊഴിൽ ലഭ്യമാക്കുന്നതിനും മുൻഗണന നൽകണം.

(4) തൊഴിൽ സംരംഭങ്ങൾക്ക് 14.02.2018-ലെ സ.ഉ.(എം.എസ്) നം.22/2018/തസ്വഭവ മാർഗ രേഖയിൽ വിവരിക്കുന്ന പ്രകാരം തൊഴിൽ സംരംഭക യൂണിറ്റുകൾക്കുള്ള ധനസഹായമോ (ഖണ്ഡിക 6.4 പേജ് നം.31-32) സംരംഭക പ്രോത്സാഹന പദ്ധതിയുടെ ഭാഗമായുള്ള ധനസഹായമോ (പലിശ സബ്സിഡി ഉൾപ്പെടെ - ഖണ്ഡിക 6.4.21, പേജ് 36) നൽകാവുന്നതാണ്.

### 3.1.2 വിശപ്പ് രഹിത കേരളം - ജനകീയ ഹോട്ടൽ

നമ്മുടെ നാട്ടിൽ ആരും പട്ടിണി കിടക്കാൻ പാടില്ല എന്നതാണ് സർക്കാർ നയം. ഗ്രാമപഞ്ചായത്തുകളിലും ചെറിയ നഗരസഭകളിലും ഒന്നു വീതവും വലിയ നഗരസഭകളിൽ 10 വാർഡിന് ഒന്ന് എന്ന നിലയിലും 20 രൂപയ്ക്ക് ഉച്ചയൂണ് ലഭ്യമാക്കുന്ന ജനകീയ ഹോട്ടലുകൾ ആരംഭിക്കുകയാണ് ലക്ഷ്യം. ഇതിനകം 850 ജനകീയ ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ട്. ഈ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തണം.

### 3.1.3 പൊതു ടോയിലറ്റുകളും ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രങ്ങളും

പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ വിവിധ സ്ഥലങ്ങളിൽ 12,000 ത്തോളം പൊതു ടോയലെറ്റുകളും ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും സ്ഥാപിക്കുകയാണ് ലക്ഷ്യം. പൊതു ശുചിമുറികളുടെ നിർമ്മാണവും നവീകരണവും സംബന്ധിച്ച മാർഗരേഖ 27.07.2020-ലെ സ.ഉ.(സാധാ) നം.1401/2020/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പൊതു ശൗചാലയങ്ങളുടെ നിർമ്മാണത്തിലും പരിപാലനത്തിലും കൂടുതൽ ശ്രദ്ധിക്കണം. ആദ്യ ഘട്ടത്തിൽ ഗ്രാമപഞ്ചായത്തുകളിൽ 2, മുനിസിപ്പാലിറ്റികളിൽ 5, കോർപ്പറേഷനുകളിൽ 8 എന്ന നിലയ്ക്ക് പൊതു ശൗചാലയങ്ങൾ പണിയുന്നതിനാണ് ലക്ഷ്യമിടുന്നത്.

### 3.1.4 ശുചിത്വ കേരളം

(1) കേരള പഞ്ചായത്ത് രാജ്/മുനിസിപ്പാലിറ്റി നിയമങ്ങൾ പ്രകാരവും 2016-ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ പ്രകാരവും ഇവയോടനുബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളുടേയും ഉത്തരവുകളുടേയും അടിസ്ഥാനത്തിലും ശുചിത്വമാലിന്യ സംസ്കരണം തദ്ദേശഭരണസ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മാലിന്യ ശേഖരണ സംസ്കരണ പ്രവർത്തനങ്ങളിലെ മുൻപിൻ ബന്ധങ്ങളും ഉറപ്പാക്കുന്ന പ്രോജക്ടുകൾ, നിർബന്ധമായും ഏറ്റെടുക്കേണ്ടതാണ്. എം.സി.എഫ്., മിനി എം.സി.എഫുകൾ, ആർ.ആർ.എഫ്., ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ, കമ്യൂണിറ്റി കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ, ഹരിതകർമ്മ സേനയ്ക്കുള്ള വി.ജി.എഫ്, സുരക്ഷാ ഉപാധികൾ എന്നിവ ഇതിന്റെ ഭാഗമായി ഉറപ്പാക്കണം.

(2) ശുചിത്വ പദവി കൈവരിക്കാത്ത ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ശുചിത്വ പദവി കൈവരിക്കുന്നതിനും ശുചിത്വ പദവി കൈവരിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾ ആ പദവി നിലനിർത്തുന്നതിനും സമ്പൂർണ്ണ ശുചിത്വ പദവി നേടുന്നതിനും പര്യാപ്തമായി, ഖര-ദ്രവ മാലിന്യങ്ങളും ഇതര മാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കാനുള്ള പ്രോജക്ടുകൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

(3) 2016-ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് ബഹു. ദേശീയ ഹരിത ട്രൈബ്യൂണൽ ഒ.എ.നം.606/2018, ഒ.എ.നം.673/2018, എം.എ.നം.26/2019 (OA No. 325/2015) എന്നീ നമ്പർ കേസുകളിൽ ശക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ പ്രധാന നദികളുടെ തീരങ്ങളിൽ സ്ഥിതി ചെയ്യുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ, നദികളിലേക്ക് മാലിന്യങ്ങൾ ഒഴുക്കി വിടുന്നതിനെതിരെയുള്ള നടപടികളുടെയും, കുളങ്ങൾ, തടാകങ്ങൾ മറ്റ് ജലാശയങ്ങൾ എന്നിവയുടെ മലിനീകരണം തടയാനുള്ള നടപടികളുടെയും അപര്യാപ്തത ട്രിബ്യൂണൽ ഗൗരവമായിട്ടാണ് വീക്ഷിച്ചിട്ടുള്ളത്. ആയതിനാൽ ഖര-ദ്രവ മാലിന്യങ്ങൾക്ക് കാരണമായ ഉറവിടങ്ങൾ കണ്ടെത്തി ജലാശയലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിന് ആവശ്യമായ പ്രോജക്ടുകൾ നിർബന്ധമായും തയ്യാറാക്കി വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിക്കേണ്ടതാണ്. മാലിന്യങ്ങളുടെ ഉറവിടം കണ്ടെത്താൻ കഴിയാത്ത ഇടങ്ങളിൽ ജലാശയങ്ങളിലെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ചെറുതും വലുതുമായ പ്രോജക്ടുകൾ, പൊതുജനങ്ങളുടെ ആശങ്കയകറ്റുന്നതിനായി ബോധവൽക്കരണ പരിപാടികൾ എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്. ഇപ്രകാരം നടപ്പിലാക്കുന്ന പ്രോജക്ടുകൾ കൃത്യമായും കാര്യക്ഷമമായും നിരീക്ഷിക്കുന്നതിന് മികച്ച സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നുണ്ടെന്നും തദ്ദേശഭരണസ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ്. ഒന്നിലധികം തദ്ദേശഭരണ സ്ഥാപനങ്ങൾ സംയോജിതമായി ഏറ്റെടുത്ത് നടപ്പിലാക്കുവാൻ കഴിയുന്ന പ്രോജക്ടുകൾ ആവിഷ്കരിക്കാൻ സാധിക്കുന്ന സാഹചര്യങ്ങളിൽ അത്തരം പ്രോജക്ടുകൾക്ക് പ്രാമുഖ്യം നൽകേണ്ടതുമാണ്.

### 3.1.5 ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കൽ

(1) 12.2019-ലെ സ.ഉ.(കൈ)156/2019/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച മാർഗരേഖയിൽ നിർദ്ദേശിച്ചിരുന്നത് പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും 2020-21 വാർഷിക പദ്ധതിക്കൊപ്പം ദുരന്ത മാനേജ്മെന്റ് പ്ലാനിനും രൂപം നൽകിയിട്ടുണ്ട്. പ്രാദേശിക തലത്തിൽ ജനപങ്കാളിത്തത്തോടെ തയ്യാറാക്കിയ ദുരന്ത മാനേജ്മെന്റ് പ്ലാൻ, വർക്കിംഗ് ഗ്രൂപ്പുകളുടെ ആഭിമുഖ്യത്തിൽ ദ്രുതവിശകലനത്തിന് വിധേയമാക്കേണ്ടതും പ്ലാൻ മുന്നോട്ടു വയ്ക്കുന്ന ദുരന്ത പ്രതിരോധത്തിനും ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനുമുള്ള പ്രോജക്ട് നിർദ്ദേശങ്ങളിൽ നിന്ന് ഏറ്റവും പ്രധാനപ്പെട്ടവ 2021-22 വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതുമാണ്.

(2) നഗര, ഗ്രാമ ഭേദമന്യേ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും തങ്ങളുടെ സമീപ പ്രദേശങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ ദുരന്ത മാനേജ്മെന്റ് പ്ലാനുകളും ഇത്തരത്തിൽ വിശകലന വിധേയമാക്കി പ്രോജക്ടുകൾ ആവിഷ്കരിക്കണം. അതുപോലെ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തുകളുടേയും നഗര തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ വിശകലന വിധേയമാക്കി പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.

3.2 പന്ത്രണ്ടിന പരിപാടിയിലെ മറ്റ് പരിപാടികൾക്കും ഇതുപോലെ പ്രത്യേക പരിഗണന

നൽകേണ്ടതും പ്രോജക്ടുകൾ തയ്യാറാക്കി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുമാണ്

## 4. നിലാവ് പ്രോജക്ട്

4.1. ഗ്രാമപഞ്ചായത്തുകളുടേയും നഗരസഭകളുടേയും ഉടമസ്ഥതയിലുള്ള റോഡുകളിലെ പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള 'നിലാവ്' പ്രോജക്ടിന്റെ പരിഷ്കരിച്ച മാർഗരേഖ 25.12.2020-ലെ സ.ഉ.(കൈ)നം.202/2020/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഊർജ ഉപഭോഗം കുറയ്ക്കുക, പാരിസ്ഥിതിക ആഘാതം കുറയ്ക്കുക എന്നിവയാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ഇപ്രകാരം എൽ.ഇ.ഡി. ലൈറ്റുകളിലേയ്ക്ക് മാറുകയാണെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വൈദ്യുതി ചെലവിൽ കാര്യമായ കുറവുണ്ടാകും. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ (കെ.എസ്.ഇ.ബി. ലിമിറ്റഡ്) ആഭിമുഖ്യത്തിൽ കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ ആദ്യം പരമ്പരാഗത തെരുവുവിളക്കുകൾ എല്ലാം മാറ്റി എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുകയും തുടർന്ന് ഇതിന് ചെലവായ തുക 2021-22 മുതൽ ഏഴ് വർഷങ്ങളിലായി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും കിഫ്ബിയ്ക്ക് നൽകുകയും ചെയ്യുന്ന രീതിയിലാണ് പ്രോജക്ട് ഇപ്പോൾ പുനരാവിഷ്കരിച്ചിട്ടുള്ളത്. 2021 മാർച്ച് 31-ന് മുമ്പ് ഇത് പൂർത്തിയാക്കുകയാണ് ലക്ഷ്യം.

4.2 നിലാവ് പ്രോജക്ടിന്റെ ഭാഗമാകുന്ന ഗ്രാമപഞ്ചായത്തുകളും നഗരസഭകളും കിഫ്ബിയ്ക്ക് തിരിച്ചടവ് സംഖ്യ നൽകുന്നതിനുള്ള പ്രോജക്ട് നിർബന്ധമായും 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇതിന് പൊതു വിഭാഗത്തിലെ സാധാരണ വിഹിതം വകയിരുത്താവുന്നതാണ്. നിലാവ് പ്രോജക്ടിന്റെ ഭാഗമായി സ്ഥാപിക്കുന്ന എൽ.ഇ.ഡി. ലൈറ്റുകളുടെ വൈദ്യുതി ഉപയോഗം കണക്കാക്കുവാൻ മീറ്ററിംഗ് സമ്പ്രദായം സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടും 2021-22 വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

## 5. ജല ജീവൻ മിഷൻ പ്രോജക്ടുകൾ

5.1 ഗ്രാമീണ മേഖലയിൽ എല്ലാ കുടുംബങ്ങൾക്കും ഗുണനിലവാരമുള്ള കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള 'ജല ജീവൻ മിഷൻ' കേന്ദ്ര - സംസ്ഥാന - പ്രാദേശിക സർക്കാരുകളുടെ വിഹിതവും ഗുണഭോക്തൃ വിഹിതവും സമന്വയിപ്പിച്ചാണ് കേരളത്തിൽ 2020-21 മുതൽ നടപ്പാക്കി വരുന്നത്. കേന്ദ്ര സർക്കാർ വിഹിതം, സംസ്ഥാന സർക്കാർ വിഹിതം, പ്രാദേശിക സർക്കാർ വിഹിതം, ഗുണഭോക്തൃ വിഹിതം എന്നിവ 45 : 30 : 15 : 10 എന്ന അനുപാതത്തിലാണ്.

5.2 ജല ജീവൻ മിഷൻ പരിപാടി വ്യാപിപ്പിക്കുന്നതിനും 2020-21-ൽ ഏറ്റെടുത്ത ബഹുവർഷ പ്രോജക്ടിന്റെ 2021-22-ലെ വിഹിതം നൽകുന്നതിനും ഉള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾ അവരുടെ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. പ്രാദേശിക സർക്കാരുകളുടെ 15 ശതമാനം വിഹിതം നൽകുന്നതിന് പൊതു വിഭാഗം സാധാരണ വിഹിതം, തനത് ഫണ്ട് എന്നിവ ഉപയോഗിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾക്ക് മതിയായ വിഹിതം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ നിന്നും ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണ്. പട്ടികജാതി ഉപപദ്ധതി വിഹിതവും പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതവും പ്രസ്തുത ഫണ്ടുകൾ വിനിയോഗിക്കുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ പ്രകാരം വിനിയോഗിക്കാവുന്നതാണ്.

## 6. കൃഷിയും മണ്ണ്-ജല സംരംക്ഷണവും

6.1 ജലാശയങ്ങളുടെ വീണ്ടെടുപ്പ്, നീർച്ചാലുകളും തോടുകളും ശുചീകരിച്ച് അവയുടെ ശൃംഖല പുനഃസ്ഥാപിക്കൽ എന്നിവ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി/ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി എന്നിവയുമായി സംയോജിപ്പിച്ച് പ്രാവർത്തികമാക്കേണ്ടതാണ്.

6.2 എല്ലാ ഗ്രാമപഞ്ചായത്ത്/നഗരസഭാ പരിധിയിലും ഹയർ സെക്കൻഡറി സ്കൂൾ ലാബുകളോടനുബന്ധിച്ച് ഒരു ജലഗുണതാ പരിശോധനാ ലാബെങ്കിലും സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. എം.എൽ.എ ഫണ്ടിൽ നിന്നും ഇതിനായി തുക അനുവദിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ സ്കൂളുകളുടെ നിയന്ത്രണ ചുമതലയുള്ള തദ്ദേശഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഇതിനായി പ്രോജക്ട് ഉൾപ്പടുത്താവുന്നതാണ്.

6.3 ഉറവിട മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഹരിതകർമ്മസേനകൾ വഴി ഉത്പാദിപ്പിക്കുന്ന ജൈവവളം കാർഷിക പ്രോജക്ടുകളുമായി ബന്ധപ്പെടുത്തി കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ ഉറപ്പ വരുത്തണം. തരിശു രഹിത ഗ്രാമം, ഹരിതസമൃദ്ധി വാർഡുകൾ എന്നിവ സാധ്യമാകും വിധത്തിലുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്താവുന്നതാണ്. പച്ചത്തുരുത്തുകൾ സംരക്ഷിക്കുന്നതിനും പൊതു ഇടങ്ങൾ ജനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിന് ലക്ഷ്യമിട്ട് അതിനുചുറ്റും നടപ്പാത തയ്യാറാക്കുന്നതിനും ഇരിപ്പിടങ്ങൾ സ്ഥാപിക്കുന്നതിനും പ്രോജക്ടുകൾ ഉൾപ്പെടുത്താവുന്നതാണ്.

## 7 . ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും

7.1 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നും നൽകാവുന്ന സ്കോളർഷിപ്പിന്റെയും ബത്തയുടേയും വിശദാംശങ്ങൾ 14.02.2018-ലെ സ.ഉ.(എം.എസ്) നം.22/2018/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.6 ൽ വിവരിച്ചിട്ടുണ്ട്. മതിയായ ഫണ്ട് ലഭ്യമല്ലാത്തത് കാരണം പലയിടത്തും ഭാഗികമായാണ് സഹായം നൽകുന്നത്. ഇത് സംബന്ധിച്ച് ധാരാളം പരാതികൾ മനുഷ്യാവകാശ കമ്മീഷൻ, ബാലാവകാശ കമ്മീഷൻ, കോടതികൾ, സംസ്ഥാന സർക്കാർ എന്നിവിടങ്ങളിൽ ലഭിക്കുന്നുണ്ട്. മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ സ്കോളർഷിപ്പും ബത്തയും പൂർണ്ണമായി ലഭ്യമാക്കേണ്ടതാണ്.

7.2 ഗ്രാമ പ്രദേശങ്ങളിൽ ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമായി വിഹിതം കണ്ടെത്തുന്നതിന് കഴിയുന്നില്ലെങ്കിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വിഹിതം കൂടി സംയോജിപ്പിച്ച് സഹായങ്ങൾ നൽകുന്നതിന് ശ്രമിക്കേണ്ടതാണ്. മതിയായ വിഹിതമില്ലാത്ത ഗ്രാമ പഞ്ചായത്തുകൾ മേൽത്തട്ടിൽ നിന്നും വിഹിതം ലഭ്യമാക്കുന്നതിന്, ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ വകയിരുത്തേണ്ട വിഹിതം എത്രയെന്ന് കണക്കാക്കി മേൽത്തട്ടിലേയ്ക്കും ജില്ലാ ആസൂത്രണസമിതിക്കും നൽകേണ്ടതാണ്. മേൽത്തട്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം ലഭ്യമാക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും അധ്യക്ഷന്മാരുടെ യോഗം വിളിച്ച് ചേർത്ത് സഹായം പൂർണ്ണമായി ലഭ്യമാക്കുന്നതിനുള്ള തന്ത്രം ആവിഷ്കരിച്ച്

പ്രവർത്തികമാക്കണം.

## 8. മെയിന്റനൻസ് പ്ലാൻ

8.1 സ്കൂളുകൾ, ആശുപത്രികൾ, അംഗനവാടികൾ, പ്രീമെട്രിക് ഹോസ്റ്റലുകൾ തുടങ്ങി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയതും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതുമായ സ്ഥാപനങ്ങളുടേയും റോഡുകൾ ഉൾപ്പെടെയുള്ള ആസ്തികളുടേയും അറ്റകുറ്റപ്പണികൾ നിർവഹിക്കുന്നതിന് പ്രത്യേക പ്രാധാന്യം നൽകേണ്ടതും അതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കി വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതുമാണ്.

8.2 സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണി നടത്താതിരിക്കുകയും എന്നാൽ റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവഴിക്കാതെ നഷ്ടപ്പെടുന്നതുമായ സാഹചര്യം ഒരു കാരണവശാലും ഉണ്ടാകാൻ പാടില്ല. അംഗനവാടികൾ, സ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് ടോയിലറ്റ് സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കണം.

## 9. പതിനാലാം പഞ്ചവൽസര പദ്ധതി രൂപീകരണം

9.1 2022-23 മുതൽ ആരംഭിക്കുന്ന അഞ്ച് വർഷക്കാലയളവിലേയ്ക്കുള്ള 'പതിനാലാം പഞ്ചവൽസര പദ്ധതി' തയ്യാറാക്കുന്നതിനുള്ള പ്രയത്നം പുതിയ ഭരണ സമിതികൾ ഇപ്പോഴേ ആരംഭിക്കണം. വികസനരേഖ പരിഷ്കരിക്കുന്നതിനൊപ്പം വിശദമായ പഠനങ്ങളും കൂടിയാലോചനകളും നടക്കണം. ആവശ്യം വേണ്ട സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയും വേണം. ഈ പ്രവർത്തനങ്ങൾ 2021-22 വർഷത്തിലാണ് നടത്തേണ്ടത്. വികസന-ഗവേഷണ സ്ഥാപനങ്ങൾ, സാങ്കേതിക വിദഗ്ധർ, സന്നദ്ധ വിദഗ്ധർ തുടങ്ങിയവരുടെ സേവനങ്ങൾ ഇതിന് പ്രയോജനപ്പെടുത്തണം.

9.2 എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 2021-22 വാർഷിക പദ്ധതിയിൽ പതിനാലാം പഞ്ചവൽസര പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ചെലവ് വഹിക്കുന്നതിനുള്ള ഒരു പ്രോജക്ട് നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തുകൾക്ക് 2 ലക്ഷം രൂപവരെയും മുനിസിപ്പാലിറ്റികൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും 3 ലക്ഷം രൂപ വരെയും കോർപ്പറേഷനുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും 5 ലക്ഷം രൂപ വരെയും വകയിരുത്താവുന്നതാണ്. ഇതിന് പൊതുവിഭാഗം (സാധാരണ വിഹിതം), തനത് ഫണ്ട്, കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം (അടിസ്ഥാന വിഹിതം) എന്നീ ഫണ്ടുകൾ ഉപയോഗിക്കാവുന്നതാണ്. മുന്നൊരുക്ക പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള വിശദമായ മാർഗനിർദ്ദേശങ്ങൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

## 10. സംയോജിത പരിപാടികൾ

10.1. താരതമ്യേന വലിയ പ്രോജക്ടുകൾ ഒറ്റയ്ക്കോ ഒന്നിലേറെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ചേർന്ന് സംയുക്തമായോ ഏറ്റെടുക്കുന്നതിനുള്ള കാര്യമായ പരിശ്രമം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകണം. ഇത്തരം പ്രോജക്ടുകൾ വികസനത്തിന്റെ ഫലപ്രാപ്തി വർദ്ധിപ്പിക്കും. ഇതിന് ജില്ലാ ആസൂത്രണ സമിതിയും മുൻകൈയ്യെടുക്കേണ്ടതാണ്.

10.2 സംയോജിത പരിപാടികളെയും സംയുക്ത പ്രോജക്റ്റുകളെയും പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് സംസ്ഥാന സർക്കാരിനുള്ളത്. ഒന്നിലേറെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ചേർന്ന് ഏറ്റെടുക്കുന്ന സംയോജിത പരിപാടികൾക്കും സംയുക്ത പ്രോജക്റ്റുകൾക്കും പ്രോത്സാഹന ധനസഹായം നൽകുന്നതിന് സംസ്ഥാന സർക്കാർ ബജറ്റിൽ പ്രത്യേകം തുക മാറ്റിവച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദമായ മാർഗരേഖ 06.08.2018-ലെ സ.ഉ.(എം.എസ്) നം.106/2018/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സംയോജിത/സംയുക്ത പ്രോജക്റ്റുകളുടെ കാര്യത്തിൽ ധാരണയുണ്ടാക്കുന്നതിന് ജില്ലാ ആസൂത്രണ സമിതി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലെയും അധ്യക്ഷൻമാരുടെയും സെക്രട്ടറിമാരുടെയും ഒരു സംയുക്തയോഗം ജനുവരി 29-ന് മുമ്പായി നിർബന്ധമായും വിളിച്ചുചേർക്കേണ്ടതാണ്.

**11. മിഷൻ അന്ത്യോദയ സർവ്വേയിൽ (2020) കണ്ടെത്തിയ വികസന വിടവുകൾ പരിഹരിക്കുന്നതിനുള്ള പ്രോജക്റ്റുകൾ**

11.1. കേരളത്തിൽ രണ്ട് ദശാബ്ദമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജനകീയാസൂത്രണം കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം 'ഗ്രാമപഞ്ചായത്ത് വികസന പദ്ധതി' (Grama Panchayat Development Plan) എന്ന പേരിൽ ഇന്ത്യയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടപ്പാക്കി വരികയാണ്. ഇത് കേരളത്തിൽ ഏറെക്കാലമായി നടപ്പാക്കി വരുന്ന പങ്കാളിത്ത ആസൂത്രണത്തിന്റെ മാതൃകയാണ്. അതുകൊണ്ടുതന്നെ കേരളത്തിലെ പദ്ധതി പ്രവർത്തനങ്ങളിൽ മാറ്റം ആവശ്യമായി വരുന്നില്ല. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതി രൂപീകരണം സംബന്ധിച്ച വിശദാംശങ്ങൾ കേന്ദ്ര സർക്കാരിന്റെ പോർട്ടലിലേയ്ക്ക് നൽകേണ്ടതുണ്ട്.

11.2. 2021-22 വാർഷിക പദ്ധതി രൂപീകരണത്തിന് മുന്നോടിയായി ഗ്രാമപഞ്ചായത്തുകളിൽ നടത്തിയ 'മിഷൻ അന്ത്യോദയ സർവ്വേയിൽ' (2020) കണ്ടെത്തിയ വികസന പ്രശ്നങ്ങളും വിടവുകളും (gaps) 2021-22 വാർഷിക പദ്ധതിയിൽ പരിഹരിക്കുന്നതിനുള്ള കാര്യമായ പരിശ്രമം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ നടത്തണം. സർവ്വേയിലെ കണ്ടെത്തലുകൾ വിശകലനം ചെയ്തുകൊണ്ടുള്ള റിപ്പോർട്ടുകൾ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്, ജില്ല എന്നീ തലങ്ങളിൽ തയ്യാറാക്കേണ്ടതും ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ ജില്ല, ബ്ലോക്ക് തലങ്ങളിൽ വിശദമായ ചർച്ചകൾ സംഘടിപ്പിക്കേണ്ടതുമാണ്. സർവേയിലെ കണ്ടെത്തലുകൾ ഗ്രാമസഭാ യോഗങ്ങളിൽ അവതരിപ്പിച്ച് ചർച്ചയ്ക്ക് വിധേയമാക്കുകയും ചെയ്യേണ്ടതാണ്. (ഉദാ.ആറ് വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളിൽ ഭാരക്കുറവുള്ളവരുടെ എണ്ണം, അനീമിക് ആയ ശിശുക്കളുടേയും കൗമാരക്കാരായ പെൺകുട്ടികളുടെയും എണ്ണം)

11.3 ഓരോ സൂചകത്തിന്റേയും വില്ലേജ്/ഗ്രാമ പഞ്ചായത്ത് തല സ്കോറുകൾ ഉൾപ്പെടെയുള്ള വിശകലന റിപ്പോർട്ടുകൾ ജില്ലാതലത്തിൽ ഡെപ്യൂട്ടി ഡയറക്ടറും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്), ബ്ലോക്ക്തലത്തിൽ ബ്ലോക്ക് പഞ്ചായത്തിലെ എക്സ്റ്റൻഷൻ ഓഫീസറും (പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ്), ഗ്രാമപഞ്ചായത്ത് തലത്തിൽ സർവേയുടെ ചുമതലയുള്ള ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്ററും തയ്യാറാക്കേണ്ടതാണ്. വിശകലന റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള പ്രൊഫോർമയും മാർഗരേഖയും ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഡയറക്ടർ നൽകുന്നതാണ്.

11.4 വിശകലന റിപ്പോർട്ടുകളുടെ പകർപ്പ് ഗ്രാമ/ബ്ലോക്ക്/ജില്ലാപഞ്ചായത്തുകളിലെ എല്ലാ

വർക്കിംഗ് ഗ്രൂപ്പുകൾക്കും ലഭ്യമാക്കണം. വർക്കിംഗ് ഗ്രൂപ്പുകൾ സർവ്വേയിലെ കണ്ടെത്തലുകൾ പരിശോധിച്ച് സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും വിടവുകൾ പരിഹരിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശങ്ങൾ രൂപപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

11.5 ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ, മിഷൻ അന്ത്യോദയ സർവ്വേയിലൂടെ കണ്ടെത്തിയ വികസന വിടവുകൾ പരിഹരിക്കുന്നതിനായി ഏറ്റെടുക്കുന്ന പ്രോജക്ടുകൾ സുലേഖ സോഫ്റ്റ് വെയറിൽ പ്രത്യേകം രേഖപ്പെടുത്തണം. ഇതിനുള്ള സൗകര്യം സോഫ്റ്റ് വെയറിൽ ഉണ്ടായിരിക്കുന്നതാണ്. ഇത്തരം പ്രോജക്ടുകളുടെ വിശദാംശങ്ങൾ കേന്ദ്ര സർക്കാരിന്റെ 'ഇ-ഗ്രാമ സ്വരാജ്' പോർട്ടലിലേയ്ക്ക് നൽകേണ്ടതുള്ളതുകൊണ്ടാണ് ഇപ്രകാരം വിവരം ശ്രദ്ധയോടെ രേഖപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്നത്.

11.6 പദ്ധതി രൂപീകരണം സംബന്ധിച്ച വിവരങ്ങൾ കഴിഞ്ഞ വർഷങ്ങളിൽ കേന്ദ്ര സർക്കാരിന്റെ പോർട്ടലിലേക്ക് നൽകിയതുപോലെ അടുത്ത വാർഷിക പദ്ധതി രൂപീകരണം സംബന്ധിച്ച വിശദാംശങ്ങളും നൽകേണ്ടതുണ്ട്. 2019-20 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നത് സംബന്ധിച്ച് 29.10.2018-ലെ സ.ഉ. (സാധാ) നം.2766/2018/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച മാർഗനിർദ്ദേശങ്ങൾ 2021-22 വാർഷിക പദ്ധതി രൂപീകരണത്തിന്റെ കാര്യത്തിലും ബന്ധപ്പെട്ടവർ പാലിക്കേണ്ടതാണ്.

### 12. ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ പുതുക്കൽ

പത്ത് വർഷം പിന്നിടുന്ന ബയോ ഡൈവേഴ്സിറ്റി രജിസ്റ്ററുകൾ പുതുക്കുന്നതിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളും നഗരസഭകളും നടപടി സ്വീകരിക്കേണ്ടതാണ്.

### 13. ബഹുവർഷ പ്രോജക്ടുകൾ

13.1 പുതിയ ഭരണസമിതിയുടെ കാലാവധിക്കുള്ളിൽ പൂർത്തിയാക്കുന്ന തരത്തിലുള്ള ബഹുവർഷ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്ന് വ്യക്തമാക്കുന്നു. എന്നിരുന്നാലും പതിമൂന്നാം പഞ്ചവൽസര പദ്ധതിയുടെ അവസാന വർഷമായതിനാൽ ഒഴിവാക്കാനാകാത്ത ബഹുവർഷ പ്രോജക്ടുകൾ മാത്രം ഏറ്റെടുക്കുന്നതാകും അഭികാമ്യം.

13.2 ഒരു വർഷം കൊണ്ട് നിർവഹണം പൂർത്തിയാക്കാൻ കഴിയുന്ന പ്രോജക്ടുകൾ ബഹുവർഷമായി ഉൾക്കൊള്ളിക്കാൻ പാടില്ല.

### 14. വാർഷിക പദ്ധതി അടങ്കൽ

14.1 2021-22-ലെ ബജറ്റ് വിഹിതത്തിന്റെ അടിസ്ഥാനമാക്കി വേണം വാർഷിക പദ്ധതി അന്തിമമാക്കി സമർപ്പിക്കേണ്ടത്.

14.2 നടപ്പ് വാർഷിക പദ്ധതിയിൽ നിർവ്വഹണം നടത്തിവരുന്ന പ്രോജക്ടുകളിൽ ഈ സാമ്പത്തിക വർഷം പൂർത്തിയാക്കുന്ന പ്രോജക്ടുകളുടെ യഥാർത്ഥ ചിത്രം മാർച്ച് 31 കഴിഞ്ഞാൽ മാത്രമേ വ്യക്തമാകുകയുള്ളൂ. എന്നിരുന്നാലും ഈ സാമ്പത്തിക വർഷം നിർവഹണം പൂർത്തിയാക്കാൻ സാധ്യതയില്ലാത്ത പ്രോജക്ടുകൾ അടുത്ത വർഷം സ്പിൽ ഓവറായി തുടരുമ്പോൾ അവയ്ക്ക് വേണ്ട സ്പിൽ ഓവർ വിഹിതം കണ്ടെത്തുന്നതിന്, വേണമെങ്കിൽ 2021-22-ലെ വാർഷിക പദ്ധതി രൂപീകരിക്കുന്ന ഈ സമയത്ത് തന്നെ

ഒരു നിശ്ചിതസംഖ്യ (lumpsum provision) പരമാവധി 20 ശതമാനം വരെ സ്പിൽ ഓവർ പ്രോജക്ടുകൾക്ക് വേണ്ടി മാറ്റി വയ്ക്കാവുന്നതാണ്. എല്ലാ വിഭാഗത്തിലും ഇപ്രകാരം നിശ്ചിത സംഖ്യ പ്രത്യേകം മാറ്റി വയ്ക്കുന്നതിനുള്ള സൗകര്യം സുലേഖ സോഫ്റ്റ് വെയറിൽ ഉണ്ടായിരിക്കുന്നതാണ്. ഇങ്ങനെ ഒരു നിശ്ചിത സംഖ്യ സ്പിൽഓവർ പ്രോജക്ടുകൾക്ക് വേണ്ടി ഇപ്പോൾ തന്നെ മാറ്റി വയ്ക്കുകയാണെങ്കിൽ അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ പുതിയ പ്രോജക്ടുകൾ ഉപേക്ഷിച്ച് സ്പിൽഓവർ പ്രോജക്ടുകൾക്ക് വിഹിതം കണ്ടെത്തേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കാൻ കഴിയും.

15. **വികസന മിഷനുകളും കേന്ദ്ര/സംസ്ഥാന പദ്ധതികളുമായുള്ള സംയോജനം**

15.1 വാർഷിക പദ്ധതിയുടെ വിഭവ സ്രോതസ്സ് സംസ്ഥാന സർക്കാർ കൈമാറുന്ന വികസന, മെയിന്റനൻസ് ഫണ്ടുകൾ മാത്രമാകാൻ പാടില്ല. തനത് ഫണ്ടിലെ മിച്ചം, കേന്ദ്ര/സംസ്ഥാന പദ്ധതികളുടെ വിഭവം, വായ്പ, സംഭാവന തുടങ്ങി വിവിധ സ്രോതസ്സുകളിൽ നിന്നും കഴിയാവുന്നത്ര വിഹിതം വികസന പദ്ധതികൾക്ക് പ്രയോജനപ്പെടുത്തണം. ഇതിൽ പരമ പ്രധാനമാണ് വിവിധ മിഷനുകളുമായും കേന്ദ്ര/സംസ്ഥാന പദ്ധതികളുമായുള്ള സംയോജനം.

15.2 നവ കേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള വികസന മിഷനുകൾ (ലൈഫ്, ആർദ്രം, ഹരിത കേരളം, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം) മുഖേന നല്ലൊരു തുക സർക്കാർ പ്രത്യേകമായി ചെലവഴിക്കുന്നുണ്ട്. ഇതിനർത്ഥം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന ബജറ്റ് വിഹിതത്തിന് പുറമെ അധികമായി മറ്റൊരു വിധത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിറവേറ്റുന്നതിന് ലഭിക്കുന്നു എന്നതാണ്. വികസന മിഷനുകൾ കാര്യക്ഷമമായി നടപ്പാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്ക് വളരെ വലുതാണ്.

15.3 നിലവിൽ വികസന/തനത് ഫണ്ടുകൾ ഉപയോഗിച്ച് നടപ്പാക്കുന്ന പല പ്രോജക്ടുകളും കേന്ദ്ര/ സംസ്ഥാന പദ്ധതികളുടെ വിഹിതം ഉപയോഗിച്ച് നടപ്പാക്കാൻ കഴിയും. ഇത്തരത്തിൽ കേന്ദ്ര/സംസ്ഥാന പദ്ധതികളുടെ സംയോജന സാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുകയാണെങ്കിൽ പരിമിതമായ വികസന/തനത് ഫണ്ടുകൾ മറ്റ് അത്യാവശ്യ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ലഭ്യമാക്കാവുന്നതാണ്. കേന്ദ്ര/സംസ്ഥാന പദ്ധതികളുടെ സംയോജന സാധ്യതകൾക്കുള്ള ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

**15.4 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജനം**

(1) ഗ്രാമപഞ്ചായത്തുകൾ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയുമായുള്ള സംയോജന സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. പ്രകൃതി വിഭവ പരിപാലനം, കൃഷി, മൃഗസംരക്ഷണം, മത്സ്യ വികസനം, ഭവന നിർമ്മാണം, ശുചിത്വ പരിപാലനം, മാലിന്യ സംസ്കരണം, സൂക്ഷ്മസംരംഭ വികസനം, വിപണനം, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം തുടങ്ങി വിവിധ മേഖലകളിൽ തൊഴിലുറപ്പ പദ്ധതിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

(2) സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി തരിശുഭൂമി കൃഷിക്ക്

ഉപയുക്തമാക്കുന്നതിനു വേണ്ടി തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമായിട്ടുള്ള ഭൂമി തട്ടുതിരിക്കൽ, നിരപ്പാക്കൽ, പുതിയ ബണ്ടുകളുടെ നിർമ്മാണം തുടങ്ങിയ ഭൂവികസന പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതും കൃഷിയിറക്കുന്നതിനു വേണ്ടിയുള്ള മറ്റു ആവർത്തന ചിലവുകൾ വികസനഫണ്ട് വിഹിതം, കൃഷി വകുപ്പിന്റെ വിവിധ പദ്ധതികൾ, ഗുണഭോക്തൃ വിഹിതം എന്നിവയുടെ സംയോജനത്തിലൂടെ കണ്ടെത്താവുന്നതുമാണ്. കാർഷിക വികസനത്തിനു സഹായകരമാകും വിധം ഫാം പോണ്ടുകളുടെയും ജലസേചന കിണറുകളുടെയും നിർമ്മാണം, ചെറുതും വലുതുമായ പുതിയ ജലസേചന കനാലുകളുടെ നിർമ്മാണം, നിലവിലുള്ള കനാലുകളുടെ സമഗ്രമായ പുനരുദ്ധാരണ പ്രവൃത്തികൾ, വെള്ളക്കെട്ടുള്ള കൃഷി ഭൂമിയിൽ ജലനിർഗ്ഗമന ചാലുകളുടെ നിർമ്മാണം എന്നിവയും തൊഴിലുറപ്പ പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്. ഇത്തരം പ്രവൃത്തികൾ ചെയ്യുമ്പോൾ അത് ഗ്രാമപഞ്ചായത്തിലെ മറ്റു കാർഷിക വികസന പ്രവർത്തനങ്ങൾക്ക് അനുപൂരകമായിരിക്കേണ്ടതും വിവിധതരം ഫണ്ടുകളുടെ സംയോജനം പരമാവധി ഉറപ്പു വരുത്തേണ്ടതുമാണ്.

(3) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ഷെഡ്യൂൾ I, ഖണ്ഡിക 5 പ്രകാരമുള്ള വിഭാഗങ്ങളുടെ ഭൂമിയിൽ നാളികേര കൃഷിവികസനത്തിനായി അത്യുല്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ, വളം തുടങ്ങിയവ വികസനഫണ്ട് വിഹിതമോ മറ്റു കാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയോ വാങ്ങുകയും തൈകൾ നടുന്നതും രണ്ടു വർഷം വരെയുള്ള പരിപാലന പ്രവൃത്തികളും തൊഴിലുറപ്പ പദ്ധതിയിലൂടെ നിർവ്വഹിക്കുകയും ചെയ്യാവുന്നതാണ്. തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കുന്നതിന് നാളികേര നഴ്സറികളും തൊഴിലുറപ്പ പദ്ധതിയിൽ സജ്ജമാക്കാവുന്നതാണ്.

(4) മൃഗസംരക്ഷണ മേഖലയിൽ തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, പന്നിക്കൂട്, അസോളാടാങ്ക് എന്നിവയുടെ നിർമ്മാണവും തീറ്റപ്പുൽകൃഷി, കമ്പോസ്റ്റിങ്ങ് സംവിധാനം എന്നിവയും തൊഴിലുറപ്പ പദ്ധതിയിൽ ചെയ്യാവുന്നതും മെച്ചപ്പെട്ടയിനം പശു, ആട്, കോഴിക്കുഞ്ഞ് എന്നിവയെ വികസനഫണ്ട് വിഹിതം, മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസന വകുപ്പ്, ബാങ്കുവായ്പ, ഗുണഭോക്തൃവിഹിതം എന്നിവയുടെ സംയോജനത്തിലൂടെ കണ്ടെത്താവുന്നതുമാണ്.

(5) മത്സ്യ വികസനത്തിനായി പൊതുകുളങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ തൊഴിലുറപ്പ പദ്ധതിയിൽ ഏറ്റെടുക്കാവുന്നതും മത്സ്യക്കുഞ്ഞുങ്ങളെ വാങ്ങുന്നതും മറ്റനുബന്ധ ചെലവുകളും വികസനഫണ്ട് വിഹിതമോ മത്സ്യ വികസന വകുപ്പ് വിഹിതമോ ഗുണഭോക്തൃ വിഹിതമോ ഉപയോഗിച്ച് നിർവ്വഹിക്കാവുന്നതുമാണ്.

(6) സൂക്ഷ്മസംരംഭ വികസനത്തിനായി കുടുംബശ്രീ സംരംഭക ഗ്രൂപ്പുകൾക്ക് ആവശ്യമായ വർക്ക് ഷെഡുകൾ തൊഴിലുറപ്പ പദ്ധതിയിൽ നിർമ്മിച്ചു നൽകാവുന്നതും ആവശ്യമായ പ്രവർത്തന മൂലധനം റിവോൾവിംഗ് ഫണ്ടായി തദ്ദേശഭരണ സ്ഥാപനത്തിന്റേയോ കുടുംബശ്രീയുടെയോ ഫണ്ടിൽ നിന്നു ലഭ്യമാക്കാവുന്നതുമാണ്.

(7) ഗ്രാമീണ ഉല്പന്നങ്ങളുടെ വിപണനത്തിനായി വിപണന ശുചിത്വ സൗകര്യങ്ങളോടുകൂടിയ ഗ്രാമചന്തകളുടെ (റൂറൽ ഹാട്ട്) നിർമ്മാണം തൊഴിലുറപ്പ പദ്ധതിയിൽ ഏറ്റെടുക്കാവുന്നതും അവയുടെ ദൈനംദിന പ്രവർത്തന മേൽനോട്ടം ഗ്രാമപഞ്ചായത്തിന്റെയും കുടുംബശ്രീ സി.ഡി.എസിന്റെയും നേതൃത്വത്തിൽ

നടത്താവുന്നതുമാണ്.

(8) അംഗൻവാടികളുടെ നിർമ്മാണത്തിനായി തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും 5 ലക്ഷം രൂപയും സാമൂഹ്യനീതി വകുപ്പിന്റെ വിഹിതമായി 2 ലക്ഷം രൂപയും ലഭ്യമാണ്. എസ്റ്റിമേറ്റ് പ്രകാരം കൂടുതൽ തുക ആവശ്യമുള്ള പക്ഷം ത്രിതല പഞ്ചായത്തുകളുടെ വികസനഫണ്ട് വിഹിതം സംയോജിപ്പിച്ച് മെച്ചപ്പെട്ട സൗകര്യങ്ങളുള്ള അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കാൻ സാധിക്കുന്നതാണ്. പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് അംഗൻവാടികൾ കേന്ദ്രീകരിച്ച് പോഷകത്തോട്ടങ്ങൾ (ന്യൂട്രീ ഗാർഡൻ) സ്ഥാപിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

(9) സർക്കാർ സ്കൂളുകൾക്ക് ചുറ്റുമതിൽ, പാചകപ്പുര, ഭക്ഷണഹാൾ, ശുചിമുറികൾ, കിണർ റീച്ചാർജ്ജിംഗ്, കളിസ്ഥലം (ഒരു ഗ്രാമ പഞ്ചായത്തിൽ ഒന്ന് മാത്രം), ഫലവൃക്ഷവൽക്കരണം എന്നീ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുവാൻ സാധിക്കും. ഇതിനോടൊപ്പം വികസന ഫണ്ട് വിഹിതം, വകുപ്പുതല പദ്ധതികൾ എന്നിവ കൂടി പ്രയോജനപ്പെടുത്തിയാൽ എല്ലാ സർക്കാർ സ്കൂളുകളിലും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനം ഉറപ്പുവരുത്താൻ സാധിക്കും.

(10) വീടുകളിൽ കമ്പോസ്റ്റ് പിറ്റ്, സോക്ക്പിറ്റ്, വാർഡു തലത്തിൽ മിനി എം.സി.എഫ് തുടങ്ങിയവ തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിക്കുന്നതോടൊപ്പം തദ്ദേശഭരണ സ്ഥാപനത്തിന്റേയും ശുചിത്വമിഷന്റെയും ഫണ്ടുകളുടെ സംയോജനം ഉറപ്പാക്കി ഹരിതകർമ്മസേന, കുടുംബശ്രീ സംഘടനാ സംവിധാനം എന്നിവയെ ഏകോപിപ്പിച്ചാൽ ശുചിത്വമേഖലയിൽ വലിയ മുന്നേറ്റം സാദ്ധ്യമാകും.

(11) പട്ടികവർഗ്ഗ മേഖലയിൽ സംസ്ഥാന സർക്കാർ 200 ദിവസത്തെ തൊഴിൽ ഉറപ്പാക്കിയിട്ടുള്ള സാഹചര്യത്തിൽ അതു കൂടി പ്രയോജനപ്പെടുത്തി ദാരിദ്ര്യ ലഘൂകരണത്തിനുള്ള ഉപപദ്ധതി പഞ്ചായത്തുകൾ തയ്യാറാക്കേണ്ടതാണ്. പട്ടികവർഗ്ഗ ഭൂമിയിൽ ഭൂവികസന പ്രവൃത്തികൾക്ക് പുറമെ ഫലവൃക്ഷത്തോട്ടങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിക്കാവുന്നതാണ്. കൂടാതെ വ്യക്തിഗത ആസ്തികളായ കാലിത്തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് തുടങ്ങിയവും നിർമ്മിച്ച് നൽകാൻ സാധിക്കും. ഗതാഗത സൗകര്യമില്ലാത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിലേക്ക് റോഡുകളും തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിക്കാവുന്നതാണ്. ഇതിനോടൊപ്പം വികസന ഫണ്ട് വിഹിതവും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ടും സംയോജിപ്പിച്ച് പട്ടികവർഗ്ഗ കുടുംബങ്ങളുടെ സമഗ്ര വികസനത്തിനുതകുന്ന പദ്ധതി തയ്യാറാക്കാവുന്നതാണ്.

(12) പട്ടികജാതി കോളനികളിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും ശുചിത്വ പരിപാലനം ഉറപ്പു വരുത്തുന്നതിനും സോക്ക്പിറ്റുകൾ, ഓവുചാലുകൾ, തുമ്പൂർമൂഴി കമ്പോസ്റ്റുകൾ തുടങ്ങിയവ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾക്കൊള്ളിച്ച് മറ്റു ഫണ്ടുകളുടെ സംയോജനം കൂടി ഉറപ്പാക്കി സമഗ്ര ശുചിത്വ പദ്ധതികൾക്ക് രൂപം നൽകാവുന്നതാണ്.

(13) തദ്ദേശഭരണസ്ഥാപനങ്ങൾ ഏറ്റെടുത്തു നടത്തുന്ന നിർമ്മാണ പ്രവൃത്തികളുടെ അവിദഗ്ദ്ധ കായിക തൊഴിൽ ഘടകം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാൻ സാധിക്കുമോ എന്നു പരിശോധിക്കേണ്ടതാണ്. കൂടാതെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് ആവശ്യമായ പരിശീലനം നൽകി അവരെ അർദ്ധ

വിദഗ്ധ/വിദഗ്ധ തൊഴിലാളികളാക്കി മാറ്റുന്ന പ്രവർത്തനവും ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കേണ്ടതാണ്.

(14) മേൽപ്പറഞ്ഞ പ്രകാരം സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് പദ്ധതി രൂപീകരണ വേളയിൽത്തന്നെ ഒരു സമഗ്ര വികസന പദ്ധതി രൂപീകരിക്കേണ്ടതാണ്. ഇപ്രകാരം രൂപപ്പെടുന്ന സമഗ്ര വികസന പദ്ധതിയുടെ ഒരു അനിവാര്യ ഘടകമായി വേണം തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മ പദ്ധതി രൂപപ്പെടുത്തേണ്ടത്.

(15) ഇതുപോലെ നഗരപ്രദേശങ്ങളിൽ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

## 15.5 കുടുംബശ്രീ

(എ) പ്രധാന സംയോജന സാധ്യതകൾ ചുവടെ വിവരിക്കുന്നു.

(1) കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകളുടെ സേവനം സുഭിക്ഷ കേരളം പദ്ധതിയിൽ പ്രയോജനപ്പെടുത്തൽ

(2) കുടുംബശ്രീ മാസ്റ്റർ കർഷകരെ ഉപയോഗിച്ചുകൊണ്ട് കാർഷിക മേഖലയിൽ സേവനങ്ങൾ നൽകൽ

(3) മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കാൻ കുടുംബശ്രീയുടെ സംഘങ്ങളെ പ്രയോജനപ്പെടുത്തൽ

(4) കുടുംബശ്രീ മൈക്രോ സംരംഭങ്ങൾക്കാവശ്യമായ സേവനങ്ങളും അടിസ്ഥാന സൗകര്യ വികസനവും ഒരുക്കി കൊടുക്കൽ,

(5) നിലാവ് പോലുള്ള പ്രോജക്ടുകളിലെ അറ്റകുറ്റപ്പണികൾ (ഉദാ:സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്) കുടുംബശ്രീ ഗ്രൂപ്പുകളെ ഏൽപ്പിക്കൽ

(6) കുടുംബശ്രീ നിർമ്മാണ ഗ്രൂപ്പുകളെ വീടുകളുടെ നിർമ്മാണ ചുമതല ഏൽപ്പിക്കൽ

(7) ജലജീവൻ മിഷന്റെ ഐ.ഇ.സി. ക്യാമ്പെയിനും മറ്റ് സേവനങ്ങൾക്കും വേണ്ടി കുടുംബശ്രീ യൂണിറ്റുകൾ രൂപീകരിക്കൽ

(8) മൃഗസംരക്ഷണ മേഖലയിൽ ഉപജീവന പദ്ധതികൾ കുടുംബശ്രീയിലൂടെ യാഥാർത്ഥ്യമാക്കൽ

(9) കുടുംബശ്രീ നിർമ്മാണ ഗ്രൂപ്പുകളിൽ പരിശീലനം ലഭിച്ച ആളുകളെ കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതികളിലെ സ്കിൽഡ് ലേബർ ജോലികൾക്ക് ഉപയോഗിക്കൽ

(10) ടേക്ക് എ ബ്രേക്ക് സേവന കേന്ദ്രങ്ങളുടെ അറ്റകുറ്റപ്പണികളും നടത്തിപ്പും

(11) ജനകീയ ഹോട്ടലിന് വേണ്ട സൗകര്യങ്ങൾ ഒരുക്കൽ

(12) ലാപ്ടോപ് പദ്ധതിക്ക് സബ്സിഡി നൽകൽ.

(ബി) കുടുംബശ്രീയുടെ നേതൃത്വത്തിൽ എല്ലാ അയൽക്കൂട്ടങ്ങളിൽ നിന്നും വികസന ആവശ്യങ്ങൾ ശേഖരിക്കുകയും അവ വാർഡ് തലത്തിലും തുടർന്ന് തദ്ദേശഭരണ സ്ഥാപന തലത്തിലും ക്രോഡീകരിച്ച് കൊണ്ടും ഗ്രാമദാരിദ്ര്യ ലഘൂകരണ പദ്ധതി (വില്ലേജ് പോവർട്ടി റിഡക്ഷൻ പ്ലാൻ - വിപിആർപി) തയ്യാറാക്കുന്ന പ്രക്രിയ ഇപ്പോൾ നടക്കുകയാണ്. ഇങ്ങനെ രൂപപ്പെടുന്ന ഗ്രാമ ദാരിദ്ര്യ ലഘൂകരണ പദ്ധതിക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി രൂപീകരിക്കുമ്പോൾ ഉചിതമായ പരിഗണന നൽകേണ്ടതാണ്.

### 16. ജില്ലാ പദ്ധതിയിലെ കീഴ്ത്തട്ട് നിർദ്ദേശങ്ങളും ജില്ലാ മുൻഗണനകളും

പതിമൂന്നാം പഞ്ചവൽസര പദ്ധതിയുടെ തുടക്കത്തിൽ തയ്യാറാക്കിയ ജില്ലാ പദ്ധതിയിലെ വികസന പരിപ്രേക്ഷ്യവും കീഴ്ത്തട്ട് നിർദ്ദേശങ്ങളും പരിഗണിച്ചുവേണം തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി തയ്യാറാക്കേണ്ടത്. വാർഷിക പദ്ധതി ആസൂത്രണ പ്രക്രിയ ആരംഭിക്കുന്ന ഘട്ടത്തിൽതന്നെ, കഴിവതും വർക്കിംഗ് ഗ്രൂപ്പുകൾ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനു മുമ്പായി ജില്ലാ പദ്ധതി നിർദ്ദേശങ്ങളും ജില്ലാ മുൻഗണനകളും സംബന്ധിച്ച ഉത്തരവ് ജില്ലാ ആസൂത്രണ സമിതി പുറപ്പെടുവിക്കേണ്ടതാണ്.

### 17. ഗ്രാമ/വാർഡ്സഭാ യോഗങ്ങൾ, വികസന സെമിനാർ മുതലായ യോഗങ്ങൾ

കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ 2019-20 വർഷത്തെ ഗുണഭോക്തൃ തെരഞ്ഞെടുപ്പിനുള്ള ഗ്രാമ/വാർഡ് സഭായോഗങ്ങൾ ഒഴിവാക്കുകയും ഗുണഭോക്തൃ തെരഞ്ഞെടുപ്പിന് പകരം സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ പങ്കാളിത്ത ജനാധിപത്യ വേദികളിലെ ചർച്ചകൾ എല്ലാക്കാലത്തും ഒഴിവാക്കാനാവില്ല. ജനപങ്കാളിത്തമാണ് ജനാധിപത്യത്തിന്റെ ജീവനാഡി. അതുകൊണ്ട് ഗ്രാമ/വാർഡ്സഭാ യോഗങ്ങൾ, വികസന സെമിനാർ തുടങ്ങിയ എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി വേണം പദ്ധതി തയ്യാറാക്കേണ്ടത്. ആരോഗ്യ വകുപ്പിന്റെ കൊവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് യോഗങ്ങൾ ചേരണം.

### 18. പങ്കാളിത്തം വർദ്ധിപ്പിക്കൽ

18.1 പദ്ധതി ആസൂത്രണ പ്രക്രിയയിൽ ജനങ്ങളുടെയും വിദഗ്ധരുടെയും പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് കാര്യമായ പരിശ്രമം ഉണ്ടാകണം. നാടിന്റെ വികസനം എന്നത് എല്ലാ പൗരന്മാരുടേയും ഉത്തരവാദിത്തമാണ് എന്ന അവസ്ഥയിലേയ്ക്ക് മുന്നേറണം.

18.2 പദ്ധതി ആസൂത്രണം, നിർവഹണം, മോണിട്ടറിംഗ് എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ട സഹായം നൽകുക എന്ന ഉദ്ദേശ്യത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള ആസൂത്രണ സമിതികൾ പുനഃസംഘടിപ്പിക്കേണ്ടതാണ്. പൊതു കാര്യങ്ങളിൽ താല്പര്യമെടുക്കുന്നവരെയും വിദഗ്ധരെയും കണ്ടെത്തി ആസൂത്രണ സമിതിയിൽ ഉൾപ്പെടുത്തണം. അതുപോലെ വിവിധ മേഖലകളിലെ കരട് പദ്ധതി നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിനുവേണ്ടിയുള്ള വർക്കിംഗ് ഗ്രൂപ്പുകളും സന്നദ്ധ വിദഗ്ധരെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കേണ്ടതാണ്. 29.01.2018-ലെ സ.ഉ. (എം.എസ്) നം.11/2018/തസ്വഭവ, 02.02.2018-ലെ സ.ഉ. (എം.എസ്) നം.17/2018/തസ്വഭവ എന്നീ മാർഗരേഖകളിൽ നിർദ്ദേശിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകൾക്ക് പുറമെ എല്ലാ

തദ്ദേശഭരണസ്ഥാപനങ്ങളിലും 19.09.2018-ലെ സ.ഉ.(സാധാ)നം 2462/2018/തസ്വഭവ, 23.10.2018-ലെ സ.ഉ.(സാധാ)നം. 2710/2018/തസ്വഭവ ഉത്തരവുകളിൽ നിർദ്ദേശിച്ചിട്ടുള്ളതു പോലെ "ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം" എന്ന മേഖലയ്ക്ക് ഒരു പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് നിർബന്ധമായും ഉണ്ടാകണം, വർക്കിംഗ് ഗ്രൂപ്പിന്റെ അധ്യക്ഷൻ തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റും/ചെയർപേഴ്സണും/മേയറും കൺവീനർ സെക്രട്ടറിയും ആയിരിക്കണം. ഈ വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലകൾ 23.10.2018-ലെ സ.ഉ.(സാധാ)നം.2710/2018/തസ്വഭവ വ്യക്തമാക്കിയിട്ടുണ്ട്.

18.3 പങ്കാളിത്ത വേദികളായ ഗ്രാമസഭകളും വാർഡ് സഭകളും കൊവിഡിനു ശേഷം ആദ്യമായി ചേരുകയാണ്. പരമാവധി ആൾക്കാരെ പങ്കെടുപ്പിക്കുന്നതിനുള്ള ശ്രമം ഉണ്ടാകണം. എം.പി, എം.എൽ.എ, സാംസ്കാരിക നായകർ, പൊതു പ്രവർത്തകർ എന്നിവരെ പങ്കെടുപ്പിക്കാൻ ശ്രമിക്കണം. പലവിധ കാരണങ്ങളാൽ ഗ്രാമസഭകളിലും വാർഡ്സഭകളിലും പങ്കെടുക്കാൻ കഴിയാത്തവരെ, പ്രത്യേകിച്ച് വിദേശങ്ങളിലും അന്യ സംസ്ഥാനങ്ങളിലും താമസിക്കുന്നവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് വെർച്വൽ യോഗങ്ങൾ (ഇ-ഗ്രാമസഭകൾ) സംഘടിപ്പിക്കാവുന്നതാണ്. അതുപോലെ പ്രവാസി മലയാളികൾ ഉൾപ്പെടെ പൊതുജനങ്ങളുടെ അഭിപ്രായങ്ങൾ സ്വീകരിക്കുന്നതിന് പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ തുടക്കത്തിൽ വികസിപ്പിച്ച ഗ്രാമസഭ/വാർഡ്സഭ പോർട്ടൽ സൗകര്യവും ഉപയോഗപ്പെടുത്തേണ്ടതാണ്. ഇതിന് തദ്ദേശഭരണസ്ഥാപനങ്ങൾ വ്യാപകമായ പ്രചാരണം നൽകുകയും ലഭിക്കുന്ന നിർദ്ദേശങ്ങൾക്ക് അർഹമായ പരിഗണന നൽകുകയും ചെയ്യേണ്ടതാണ്.

## 19. സമയക്രമം

2021-22 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള സമയക്രമം ചുവടെ നൽകുന്നു. പ്രധാന ഘട്ടങ്ങൾ പൂർത്തിയാക്കുന്നതിനുള്ള അവസാന തീയതികളാണ് ഇവിടെ നൽകിയിട്ടുള്ളത്. തീയതികളിൽ അനുയോജ്യമായ മാറ്റങ്ങൾ ആകാമെങ്കിലും വാർഷിക പദ്ധതി സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാന തീയതി എന്ന നിബന്ധന നിർബന്ധമായും പാലിക്കേണ്ടതാണ്.

| ക്രമ നം | പ്രവർത്തനം | | പൂർത്തിയാക്കേണ്ട അവസാന തീയതി |
|---|---|---|---|
| 1 | ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിക്കൽ | : | 2021 ജനുവരി 15 |
| 2 | സ്റ്റാറ്റസ് റിപ്പോർട്ട് പരിഷ്കരണം | : | ജനുവരി 21 |
| 3 | ജില്ലാ പദ്ധതി നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി ഡി.പി.സി തലത്തിൽ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കൽ | : | ജനുവരി 21 |
| 4 | കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കൽ | : | ജനുവരി 25 |
| 5 | ഗ്രാമ / വാർഡ് സഭാ യോഗങ്ങൾക്ക് മുമ്പുള്ള കൂടിയാലോചനകൾ | : | ജനുവരി 28 |
| 6 | സംയുക്ത പ്രോജക്ടുകൾക്ക് അന്തിമരൂപം നൽകാൻ ജില്ലാ ആസൂത്രണ സമിതി വിളിച്ചുചേർക്കുന്ന യോഗം | : | ജനുവരി 29 |

| | | | |
|---|---|---|---|
| 7 | ഗ്രാമ /വാർഡ് സഭാ യോഗങ്ങൾ | : | ഫെബ്രുവരി 12 |
| 8 | വികസന സെമിനാർ | : | ഫെബ്രുവരി 16 |
| 9 | വാർഷിക പദ്ധതിക്ക് അന്തിമരൂപം നൽകൽ | : | ഫെബ്രുവരി 18 |
| 10 | പ്രോജക്റ്റുകൾ തയ്യാറാക്കൽ | : | ഫെബ്രുവരി 22 |
| 11 | വാർഷിക പദ്ധതി സമർപ്പണം | : | ഫെബ്രുവരി 23 |
| 12 | ജില്ലാ ആസൂത്രണസമിതി അംഗീകാരം | : | ഫെബ്രുവരി 25 |
| 13 | ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ച വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കൽ | : | ഫെബ്രുവരി 27 |

## 20. പദ്ധതി രൂപീകരണ പ്രവർത്തനങ്ങളുടെ മോണിട്ടറിംഗ്

പ്രാദേശിക സർക്കാരുകളുടെ പദ്ധതി രൂപീകരണം സമയബന്ധിതമായി ചിട്ടയോടെ നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് ജില്ലാതലത്തിൽ ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തിക്കേണ്ടതാണ്.

അധ്യക്ഷൻ : പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത്

സെക്രട്ടറി : ജില്ലാ കളക്ടർ

അംഗങ്ങൾ :

1. ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത്
2. ഡെപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്
3. അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ)
4. നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ

കൺവീനർ : ജില്ലാ പ്ലാനിംഗ് ഓഫീസർ